-ാം വർഷം

9

2026

സെപ്റ്റംബർ 20, 2026

സ്ലീവാ ഒന്നാം ഞായർ



*Laity Reflect on*

**Syro-Malabar Sunday Mass**

**SCRIPTURE READINGS**



# കലഹങ്ങൾ, കോലാഹലങ്ങൾ

ഗലാത്തി 6:11-18, മത്തായി 10:34-42

ചേച്ചിയുടെ സന്യസ്ത ജൂബിലിയാഘോഷത്തിനായി കുടുബാംഗങ്ങൾ 20 പേർ ഒരുമിച്ച് ഒരു വണ്ടിയെടുത്ത് കൊല്ലത്തേക്ക് യാത്ര ചെയ്യുകയാണ്. പ്രാർത്ഥനയും, പാട്ടുമൊക്കെയായി സന്തോഷത്തൊടെ തുടങ്ങിയ യാത്ര, സഭാ വിഷയങ്ങളിലെക്കും, തർക്കത്തിലേക്കും വഴി മാറിയപ്പോൾ, സഹികെട്ട് നിസ്സഹായനായി ചിറ്റപ്പന്റെ 34 വയസ്സുള്ള മകൻ വണ്ടി നിർത്തിച്ചു. വണ്ടിയിൽ നിന്നിറങ്ങി KSRTC ബസ്സിൽ കൊല്ലത്തെത്തി. അവൻ പല പ്രാവ ശ്യം പറഞ്ഞിട്ടും വാഗ്വാദത്തിന്റെ വീറും വാശിയും തുടർന്നതിന്റെ ഫലം ഇന്നും മനസ്സിനെ നൊമ്പരപ്പെടു ത്തുന്നു.

ഈ യുവാവ് ആയിരങ്ങളുടെ പ്രതിനിധിയാണ്. അവർ ഇറങ്ങി പോകുന്നത് ട്രാവലറിൽ നിന്ന് മാത്രമല്ല..... ഭക്തസംഘടനകളിൽ നിന്ന്, കൂദാശകളിൽ നിന്ന്, കുടുംബ യൂണിറ്റുകളിൽ നിന്ന്, ഇടവക ആഘോഷങ്ങളിൽ നിന്നാണ്. ഈ കൂട്ടായ്മകളിലെ കലഹങ്ങൾ, കോലാഹലങ്ങൾ അവർക്ക് വെറുപ്പാണ്. അവർക്ക് വേണ്ടത് സമാധാനമാണ്. അവർ ആഗ്രഹിക്കുന്നത് വിശ്വാസം നല്കുന്ന ആശ്വാസമാണ്.

ഇന്നത്തെ വചന വായനയിൽ നാം യേശു പറയുന്നു, 'സമാധാനമല്ല, വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്' (മത്തായി 10/34). യേശുവിനെ പ്രതി കുടുംബാംഗങ്ങൾ തമ്മിൽ കലഹിക്കും. ഇന്ന് കലഹിക്കുന്നത് യേശുവിനെ പ്രതിയല്ല. എന്നെക്കാളധികം പിതാവ്, മാതാവ്, പുത്രൻ, പുത്രിയെ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല. ഇന്നത്തെ സാഹചര്യത്തിൽ ഇത് മറ്റൊരു തരത്തിൽ മാറ്റിയെഴുതപ്പെടേണ്ടിയിരിക്കുന്നു. ആചാരങ്ങളെയും, അനുഷ്ഠാനങ്ങളെയും, പാരമ്പര്യങ്ങളെയും, കുറിച്ചുള്ള വാദപ്രതിവാദ ചർച്ചകളെയും അത് സമൂഹത്തിലേക്ക്



മിനി പോൾ

വ്യാപിപ്പിക്കുന്ന ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം, വാട്ട്സ് അപ് സന്ദേശങ്ങളെയും സ്നേഹിക്കുന്നവർ എനിക്ക് യോഗ്യനല്ല എന്ന് കൂട്ടി വായിക്കേണ്ടിയിരിക്കുന്നു.

## വാളാലല്ല, വാക്കാൽ....

എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവർ അത് കണ്ടെത്തും (മത്തായി: 10/39 ). ആരാണ് ഇന്ന് അത് കണ്ടെത്തുന്നത്! ദൈവത്തിന്റെ സ്വന്തം നാടെന്നഭിമാനിക്കുന്ന ഈ കേരളത്തിൽ ക്രിസ്തുവിനെ പ്രതി ജീവൻ നഷ്ടപ്പെടുത്തുന്നുണ്ടോ? പക്ഷെ, ഇന്ന് സോഷ്യൽ മീഡിയയിൽ വാക്കുകൾ വാളുകളാക്കി, അവയാൽ കുത്തി മുറിവേല്പിച്ച് മാനസീകമായി തകർക്കുന്ന കൊല വിളികളല്ലേ ഇവിടെ നടക്കുന്നത്? ഒരു ശുദ്ധീകരണത്തിന്, മാനസാന്തരത്തിനുള്ള സമയമായി എന്നു തോന്നുന്നു. പരിശുദ്ധാത്മാവ് ഇറങ്ങി അഗ്നിയാൽ സ്നാനപെടുത്തേണ്ട സമയം.

അവിശ്വാസികൾ വിശ്വാസികളെ കൊല ചെയ്തതും, അകത്തോലിക്കർ കത്തോലിക്കരെ കൊല ചെയ്തതും, വിവിധ സഭകൾ തമ്മിലുള്ള ആഭ്യന്തര കലഹങ്ങളും ജീവൻ നഷ്ടപ്പെടലുമൊക്കെ ചരിത്രം. ആ പോർവിളികളൊക്കെ വിശ്വാസത്തിനു വേണ്ടിയായിരുന്നെങ്കിൽ ഇന്ന് വാക്കുകൾ ആയുധമാകുന്നത് വിശ്വാസികൾ തമ്മിലാണ്. അവിശ്വാസികളുടെ മുമ്പിൽ, ചരിത്ര പുരുഷനായ ക്രിസ്തുവിനെ വിശ്വാസികൾ അവഹേളിക്കുന്നു, വീണ്ടും കുരിശിൽ തറക്കുന്നു. ശരീരത്തെ കൊല്ലുന്നതിനെകാൾ ഭീകരമല്ലേ ആത്മാവിനെ കൊല്ലുന്നത്! ചാനൽ ചർച്ചകളിലൂടെ വിശ്വാസികൾ തമ്മിൽ വെറുപ്പിന്റെ, ശത്രുതയുടെ, വിഭാഗീയതയുടെ പുതിയ അദ്ധ്യായങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തി കൊണ്ടിരിക്കുന്നുവെന്നത് പുതിയ തലമുറയെ സഭയിൽ നിന്ന് അകറ്റുന്നു.

## വിശ്വാസം എന്ന ആശ്വാസം....

വിശ്വാസം ഉണ്ട്, പ്രാർത്ഥനയുണ്ട്, കുരിശു വരക്കുന്നുണ്ട്, ഞായറാഴ്ച കുർബ്ബാനയിലും കൂടുന്നുണ്ട്. പക്ഷെ ഈ ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും മുമ്പിൽ അവർ പുറംതിരിഞ്ഞു നില്ക്കുന്നു. അതിന്റെ പേരിൽ നടക്കുന്ന അന്തി ചർച്ചകളെ അവർ വെറുക്കുന്നു. അവർക്ക് വേണ്ടത് ക്രാസ്തുവിന്റെ സമാധാനമാണ്. അവർ ഒറ്റക്കും, കൂട്ടായും ഒത്തിരി നന്മ പ്രവർത്തികൾ ചെയ്യുന്നുണ്ട്. അത് പുരമുകളിൽ നിന്ന് പ്രഘോഷിക്കാൻ അവർക്ക് താല്പര്യമില്ല. പാരമ്പര്യങ്ങളെയും, ആചാരങ്ങളെയും എതിർത്ത ലോകൈകവിപ്ലവകാരിയായ യേശുക്രിസ്തു വിനെ വിശ്വസിക്കുന്ന യുവജനതയെ ചേർത്തു നിർത്തിയെങ്കിൽ മാത്രമെ നിർമ്മിത ബുദ്ധിയുടെ ഈ കാലഘട്ടത്തിൽ സഭക്ക് ആത്മാവും, ജീവനുമുണ്ടാകൂ.....

ഈ ചെറിയവരിൽ ഒരുവന് ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല (മത്തായി 10/42). നീതിക്കു വേണ്ടി ദാഹിക്കുന്നവർക്ക് നീതി, പരിഗണനക്ക് വേണ്ടി കേഴുന്നവർക്ക് പരിഗണന, ആദരവ് അർഹിക്കുന്നവർക്ക് ആദരവ്, സ്നേഹത്തിനു വേണ്ടി അലയുന്നവർക്ക് സ്നേഹം നല്കാൻ കഴിയുന്നവർക്ക് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല എന്ന് ഈ കാലഘട്ടത്തിൽ കൂട്ടി വായിക്കാം. ഇന്ന് ഭക്ഷണത്തിനും വെള്ളത്തിനും വസ്ത്രത്തിനുമല്ല ദാരിദ്ര്യം. നീതി, സ്നേഹം, ദയ, അംഗീകാരം, കരുണ, ആദരവ് തുടങ്ങിയവ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല എന്ന ദാരിദ്ര്യമാണ് സഭ നേരിടുന്നത്. ഈ ദാരിദ്ര്യത്തിന്റെ കുരിശു ചുമക്കുന്നവരെ അതിനു സഹായിക്കുന്ന ശിമയോൻ ആകാൻ നമുക്ക് കഴിയട്ടെ. ആ കുരിശിന്റെ മറ്റൊരു വശത്ത് താങ്ങായി ക്രിസ്തുണ്ടാകും.

## സ്നേഹക്കൂടുകളോ, ചട്ടകൂടുകളോ....?

മതങ്ങളുടെ ജീവൻ സ്നേഹമാണ്. സുവിശേഷങ്ങളുടെ സംഗ്രഹവും, ജീവനും സ്നേഹം തന്നെ. പൗലോസ് ശ്ലീഹ ഗലാത്തിയകാർക്കുള്ള ലേഖനത്തിൽ പറയുന്നു. ബാഹ്യമോടികളിലൊ,അടയാളങ്ങളിലൊ അല്ല കാര്യം. പുതിയ സൃഷ്ടിയായിരിക്കുക എന്നതാണ് പ്രധാനം. ക്രിസ്തീയ നാമധാരിയായതിലോ, ക്രിസ്തീയ ആചാരനുഷ്ഠാനങ്ങൾ പിന്തുടരുന്നതിലോ മേൻമ ഭാവിക്കേണ്ട. യേശുക്രിസ്തുവിന്റെ വചനങ്ങൾ പിന്തുടരുന്നതിൽ, ആ കുരിശിന്റെ മഹത്വത്തിൽ മേന്മ ഭാവിക്കാൻ പൗലോസ് ശ്ലീഹ നമ്മോട് ആവശ്യപ്പെടുന്നു. നിയമപണ്ഡിതനോ പുരോഹിതനോ ആയതു കൊണ്ട് ദൈവത്തിന് പ്രീതികരമാണെമെന്നില്ല. സമൂഹത്തിൽ മുറിവേറ്റവനോട്, (ശാരീരികമായോ, ആത്മീയമായോ) കരുണ കാണിക്കുന്നവനാണ് പൗലോസ് ശ്ലീഹയുടെ ഭാഷയിൽ പുതിയ സൃഷ്ടി. നമ്മൾ മുഴങ്ങുന്ന ചേങ്ങിലയോ, ചിലമ്പുന്ന കൈത്താളമോ ആകാനല്ല വിളിക്കപ്പെട്ടിരിക്കുന്നത്. കരുണയുടെ, സ്നേഹത്തിന്റെ കണ്ണികൾ ഇല്ലാത്ത ചട്ടക്കൂടുകളെ പൊട്ടിച്ചെറിഞ്ഞ് സ്നേഹക്കൂട്ടുകളാകാൻ ആഗ്രഹിക്കുന്ന പുതുതലമുറയോടൊപ്പം നടക്കാം. ക്രിസ്തുവിനൊപ്പം, അവിടുത്തെ കരുണയിലേക്ക്, മനുഷ്യത്വത്തിലേക്ക്,ക്ഷമയിലേക്ക് ബന്ധിപ്പിക്കുന്ന സ്നേഹക്കൂടുകളാകാം.

(റിട്ട. ബിഡിഒ യും സാമൂഹ്യപ്രവർത്തകയും ആണ് ലേഖിക)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com